HLM-0069

The Heavenly Light Ministry

1. അഖിലാണ്ഡത്തിന്നുടയവനാം ദൈവം
സ്തുത്യൻ പരിശുദ്ധൻ
സകല ചരാചര രചയിതാവാം ദൈവം
നിത്യൻ പരിശുദ്ധൻ

പരിശുദ്ധൻ പരിശുദ്ധൻ
മഹിമയിലുന്നതനേ
സ്തുതികളിൽ വസിക്കും ദേവാധിദേവാ
ആരാധിക്കുന്നു ഞങ്ങൾ

2. തിരുസാരൂപ്യം മാനവനേകിയോൻ
വന്ദ്യൻ പരിശുദ്ധൻ
ജ്ഞാനവും മാനവും മഹിമയും അണിയിച്ചോൻ
ധന്യൻ പരിശുദ്ധൻ

പരിശുദ്ധൻ

3. തനയനെ നൽകിയീ പാരിനെ വീണ്ടവൻ
നിരുപമൻ പരിശുദ്ധൻ
കാൽവറിയിൽ എന്റെ പാപത്തിൻ ബലിയായ
നാഥൻ പരിശുദ്ധൻ

പരിശുദ്ധൻ

4. ഉർവ്വിയിൽ വന്നെന്റെ ദുരിതങ്ങളറിഞ്ഞവൻ
നല്ലവൻ പരിശുദ്ധൻ....
മരണത്തെ ജയിച്ചവൻ ഉയരത്തിൽ മേവുവോൻ
വല്ലഭൻ പരിശുദ്ധൻ....

പരിശുദ്ധൻ

5. വീണ്ടും വരാമെന്ന് വാഗ്ദത്തം തന്നവൻ
എൻ പ്രിയൻ പരിശുദ്ധൻ...
നിത്യതയിൽ വാസം നമുക്കായിട്ടൊരുക്കുവോൻ
നിഖിലേശൻ പരിശുദ്ധൻ

പരിശുദ്ധൻ